# പൊതുമണ്ഡലം

എം.വി. അമ്പിളി*

## ആമുഖം

പൊതുമണ്ഡലം എന്ന പരികല്പനയെ സാമാന്യമായി പരിചയപ്പെടുത്തി കേരളീയ പൊതുമണ്ഡലത്തെയും അതിന്റെ പരിണാമത്തെയും ചരിത്രപരമായി അവലോകനം ചെയ്യുകയാണ് പ്രബന്ധലക്ഷ്യം. വടക്കൻയൂറോപ്പിലെ നവോത്ഥാനവുമായി ബന്ധപ്പെട്ടതാണ് പൊതുമണ്ഡലം എന്ന വാക്ക് ആദ്യമായി ഉപയോഗിക്കപ്പെടുന്നത്. 'ഭരണകൂടത്തിനും സ്വകാര്യമണ്ഡലത്തിനുമിടയിൽ പൊതുജനത്തിന് കൂടിച്ചേരാനും പൊതുവിഷയങ്ങൾ ചർച്ചചെയ്യാനുമായി സങ്കല്പിക്കപ്പെട്ട ഇടങ്ങളെ പൊതുമണ്ഡലം എന്ന് വിശേഷിപ്പിക്കാം1. ജർമ്മൻ തത്വചിന്തകനും സാമൂഹ്യശാസ്ത്രകാരനുമായ'ജൂർഗൻ ഹേബർമാസ്' അവതരിപ്പിച്ച സൈദ്ധാന്തിക സങ്കല്പനങ്ങളിലൊന്നാണ് പൊതുമണ്ഡലം. ഇത് ഒരു അമൂർത്തസങ്കല്പനമാണ്, പരിവർത്തനവിധേയവുമാണ്. പൊതുമണ്ഡലത്തെകുറിച്ചുള്ള ഹേബർമാസിന്റെ ശ്രദ്ധേയമായ പുസ്തകമാണ് 'പൊതുമണ്ഡലത്തിന്റെ ഘടനാപരിണാമം' മധ്യകാല ക്രിസ്തുമതത്തിന്റെയും രാജഭരണകൂടങ്ങളുടെയും വെളിയിൽ രൂപം കൊണ്ട പൊതുവിടങ്ങൾ യുക്ത്യധിഷ്ഠിതമായ വിമർശനാത്മക സംവാദങ്ങൾ നടന്ന സ്ഥലങ്ങളായി വിശദീകരിച്ചുകൊണ്ടാണ് പൊതുമണ്ഡലത്തിന്റെ ഉത്ഭവം ഹേബർമാസ് അവതരിപ്പിക്കുന്നത്2. പിന്നീട് നടന്ന സാമൂഹ്യവിശകലനങ്ങളും മാധ്യമപഠനങ്ങളും പൊതുമണ്ഡലമെന്ന തത്വത്തെ സ്പർശിക്കാതെ പോയിട്ടില്ല.

* *ഗവേഷക, ശ്രീ കേരളവർമ്മകോളേജ് തൃശ്ശൂർ*

*Email: ambilyvijayan7@gmail.com*

## പൊതുമണ്ഡലമെന്ന പരികല്പനയുടെ സൈദ്ധാന്തിക രൂപീകരണവും അതിന്റെ പ്രയോഗവും

സാമൂഹ്യശാസ്ത്രം, ചരിത്രം, മതം, തത്വചിന്ത, മാധ്യമങ്ങൾ, ഭരണകൂടനിയമങ്ങൾ, സമ്പദ്ഘടന, സാക്ഷരതാപ്രവർത്തനം, സാഹിത്യം തുടങ്ങി നിരവധി സാമൂഹികതലങ്ങൾ മുൻനിർത്തി ജർമ്മനിയും ഫ്രാൻസും ബ്രിട്ടനുമുൾപ്പെടെയുള്ള യൂറോപ്യൻരാജ്യങ്ങളിൽ പതിനേഴ് പതിനെട്ട് നൂറ്റാണ്ടുകളിൽ നടന്ന പൊതുമണ്ഡലരൂപീകരണത്തെകുറിച്ചും അതിന്റെ ശിഥിലീകരണത്തെകുറിച്ചും ഉള്ള നിരവധി ചർച്ചകളും സാമൂഹ്യപാഠങ്ങളും മാധ്യമരൂപങ്ങളും ആവിഷ്കാരതലങ്ങളും ഹോബർമാസ് അവതരിപ്പിക്കുന്നത് 3. പതിനെട്ട് പത്തൊൻപത് നൂറ്റാണ്ടുകളിൽ യൂറോപ്പിൽ ആവീർഭവിച്ച പൊതുമണ്ഡലത്തെകുറിച്ചും പിന്നീട് അതിന് സംഭവിക്കുന്ന വിഘടനവുമാണ് 'പൊതുമണ്ഡലത്തിന്റെ ഘടനാപരിണാമ'ത്തിൽ പ്രതിപാദിക്കുന്നത്4. ഫ്യൂഡൽ രാജഭരണകാലത്ത് രാഷ്ട്രം-സമൂഹം (state-society), പൊതു-സ്വകാര്യ (public-private) എന്നിങ്ങനെ കൃത്യമായ വിഭജനം ഉണ്ടായിരുന്നില്ല.'പൊതു'എന്ന് വിശേഷിപ്പിക്കാവുന്ന ഇടം രാജാധികാരത്തിന്റെ ചിഹ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു5. ബൂർഷ്യാപൊതുമണ്ഡലത്തിന്റെ ആവിർഭാവത്തോടെയാണ് പൊതു-സ്വകാര്യ, രാഷ്ട്രം-സമൂഹം എന്നീ വിഭജനങ്ങൾ സാധ്യമായത്. ഫ്യൂഡൽ അധികാരത്തിന്റെ ചിഹ്നങ്ങളായ പള്ളി (കത്തോലിക്കസഭ), രാജഭരണം, ഭൂപ്രഭുത്വം എന്നിവ പൊതുമണ്ഡലത്തെ ശിഥിലീകരിക്കാൻ ശ്രമിച്ചു6. ജനങ്ങൾ ഒന്നിച്ചുകൂടി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും സ്വന്തം അഭിപ്രായങ്ങളെയും താല്പര്യങ്ങളെയും പ്രകടിപ്പിക്കാനുള്ള വേദികളായാണ് പൊതുമണ്ഡലം രൂപപ്പെട്ടത്. ജനാധിപത്യത്തിന്റെ ആശയവിനിമയത്തിനുള്ള പ്രാധാന്യം ഹേബർമാസിന്റെ പൊതുമണ്ഡലസങ്കല്പത്തിൽ നിന്നുകൊണ്ട് മാധ്യമചിന്തകർ ഉപയോഗപ്പെടുത്തുന്നു. പൊതുമണ്ഡലം രൂപപ്പെട്ടുവന്ന സമയത്ത് വ്യവസായസംഘടനകളുടെയോ മാധ്യമങ്ങളുടെയോ യാതൊരുവിധത്തിലുള്ള ഇടപെടലുകൾ ഉണ്ടായിട്ടില്ല. ഇത് ഒരു സ്ഥാപനമോ സംഘടനയോ ആയിട്ടല്ല രൂപംകൊണ്ടത് 7. പൊതുമണ്ഡലം എന്ന ആശയത്തിന്റെ രൂപീകരണത്തിൽ താല്പര്യങ്ങളോ ഭരണകൂടനിയന്ത്രണങ്ങളോ സ്വാധീനം ചെലുത്തിയിട്ടുണ്ടായിരുന്നില്ല.

ആധുനികസമൂഹത്തിൽ പൊതുമണ്ഡലം ഭരണകൂടവുമായി വിമർശനാത്മകമായാണ് ബന്ധപ്പെടുന്നത്. പത്രങ്ങൾ, ചർച്ചാവേദികൾ, വായനശാലകൾ, സാഹിത്യവേദികൾ, യുവജനസംഘടനകൾ മുതലായ പലകൂട്ടായ്മകൾ ചേർന്നാണ് പൊതുമണ്ഡലം രൂപപ്പെട്ടുവന്നത്. ഇതുപതാംനൂറ്റാണ്ടിന്റെ അവസാനത്തിൽ പൊതുമണ്ഡലം ഉപഭോഗപരതയിലൂന്നിയ ജനകൂട്ടമായി മാറുന്നതിനെകുറിച്ച് ഹേബർമാസ് വിശദീകരിക്കുന്നുണ്ട്. മുതലാളിത്തമാധ്യമങ്ങളുടെ വളർച്ച ഈ മാറ്റത്തിന് കാരണമായി. ആധുനികഭരണസംവിധാനവും സാമ്പത്തികവ്യവസ്ഥയും രൂപപ്പെട്ടുവന്ന ഘട്ടത്തിലാണ് പൊതു-സ്വകാര്യ സംവിധാനങ്ങൾ ഇന്നത്തെ നിലയിൽ അംഗീകരിക്കപ്പെട്ടത്, പൊതുമണ്ഡലം എന്ന പരികല്പന നിലനിൽക്കുമ്പോഴും ഒരു സാമൂഹികമണ്ഡലം രൂപപ്പെട്ടിട്ടും ഉപരിവർഗ്ഗവും അടിസ്ഥാനവർഗ്ഗവും ഇതിനുപുറത്താണ്. മധ്യവർഗ്ഗതാല്പര്യങ്ങളാണ് ഈ രംഗത്ത് 18-ാംനൂറ്റാണ്ടിൽ ഇടപെടൽ നടത്തിയത് 8. ആധൂനികപൂർവ്വ ഫ്യൂഡൽവ്യവസ്ഥയുടെ

ഭാഗമായുണ്ടായ ജനസമൂഹത്തിൽനിന്നും രൂപപ്പെട്ടുവന്ന സ്വതന്ത്രനായ വ്യക്തിയുടെ ചിന്തകളെയും അഭിപ്രായങ്ങളെയും പ്രകടിപ്പിക്കാനുള്ള വേദികളായാണ് പൊതുമണ്ഡലം രൂപംകൊണ്ടത് 9. ജാതിയമായതോ, തൊഴിൽപരമോ, മറ്റുവിധത്തിലുള്ളതോ, ആയ വിലക്കുകളില്ലാതെ തുറന്നിടപഴകാനുള്ള ഇടമായി ഇത് മാറി. ഉപരിവർഗ്ഗ മധ്യവർഗ്ഗത്തോടൊപ്പം തന്നെ ജീവിക്കാനുള്ളസാഹചര്യം അടിസ്ഥാനവർഗ്ഗത്തിനുമുണ്ടെന്ന തിരിച്ചറിവ് നേടാൻ ഇത്തരം കൂട്ടായ്മയിലൂടെ സാധിച്ചു. മാറിവന്ന അവസ്ഥ ഓരോ വ്യക്തിക്കും തന്റെ അവകാശങ്ങളെകുറിച്ചും സ്വാതന്ത്ര്യത്തെകുറിച്ചും ഉള്ള അവബോധമുണർത്തി. അധികാരത്തിന്റെയും ആധിപത്യത്തിന്റെയും ഇടപെടലുകൾക്കെതിരെ ഒരു പ്രതിരോധമണ്ഡലം രൂപപ്പെട്ടുവന്നു. സമൂഹത്തിലെ ഓരോ വ്യക്തിയും ഓരോപൗരനാണ്, ജനാധിപത്യത്തിൽ ഓരോപൗരനും അർഹിക്കുന്ന അവകാശങ്ങൾ ലഭിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ഭരണകൂടം വ്യവസ്ഥചെയ്യുന്ന അധികാരഅവകാശങ്ങൾ ഓരോപൗരനും ലഭിക്കുന്ന അവസ്ഥയിലാണ് പൊതുമണ്ഡലം അടിസ്ഥാനപരമായി പൊതുജനതാല്പര്യത്തിനുവേണ്ടി രൂപംകൊണ്ടതാണെന്ന് അംഗീകരിക്കപ്പെടുന്നത്. കൊളോണിയൽ-ഫ്യൂഡൽ താല്പര്യങ്ങളുടെ സമ്മർദ്ദത്തിലായിരുന്ന കേരളത്തിലും വിപുലമായ ജനവിഭാഗത്തെ ഉൾകൊള്ളുന്നു എന്ന അർത്ഥത്തിലാണ് പൊതുമണ്ഡലം വളർന്നുവന്നത്. കൊളോണിയലിസത്തിന്റെ ആഗമനത്തോടെ കേരളത്തിലെ സംസ്ക്കാരികവും സാമൂഹികവുമായ തലങ്ങളിൽ അനവധിമാറ്റങ്ങൾ ഉണ്ടായി.

## കൊളോണിയൽ കടന്നുവരവ്

കൊളോണിയൽ കടന്നുവരവ് വിദ്യാഭ്യാസത്തിലും അച്ചടിയിലും മാധ്യമരംഗങ്ങളിലും ഉണ്ടാക്കിയ മാറ്റങ്ങൾ വ്യക്തികളുടെ ചിന്താഗതിയിലും കാഴ്ചപ്പാടുകളിലും മാറ്റങ്ങൾ സൃഷ്ടിച്ചു. ഈ മാറ്റങ്ങൾ സമൂഹത്തെ ആഴത്തിൽ സ്വാധീനിച്ചു. അക്ഷരവും അറിവും വെളിച്ചമാണെന്ന ധാരണ വളർത്തിയത് കൊളോണിയൽ വിദ്യാഭ്യാസമാണ്. അച്ചടി, വിദ്യാഭ്യാസം, പത്രമാധ്യമങ്ങൾ എന്നിവയെല്ലാം ചേർന്ന് നവീനമായ ഒരു ജീവിതമേഖലയെ സൃഷ്ടിച്ചു. വിദ്യാഭ്യാസം സാർവ്വത്രികമാക്കിയതുവഴി അതിന് ഒരു പൊതുസ്വഭാവം കൈവന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിന് മുൻപ് ഇവിടെ നിലനിന്നിരുന്നത് ബ്രാഹ്മണ്യത്തിന്റെ അറിവും ആധികാരികതയും ആയിരുന്നു. അറിവ് എല്ലാവർക്കും പകർന്നു നൽകാൻ വരേണ്യവർഗ്ഗം വിമുഖതകാട്ടി. പാശ്ചാത്യവൽക്കരണത്തെതുടർന്ന് എല്ലാവർക്കും ഒരുപോലെ അറിവ് നേടാനുള്ള അവസരമുണ്ടായി. പാശ്ചാത്യവിദ്യാഭ്യാസത്തിനുമുൻപിൽ അതുവരെ നിലനിന്നിരുന്ന ബ്രാഹ്മണ്യത്തിന്റെ ആധികാരികപാരമ്പര്യം തകരുന്നുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിച്ചതോടെ സംസ്കൃതം പിൻതള്ളപ്പെട്ടു പോയി. മിഷണറികൊളോണിയൽ സംസ്കാരം പ്രാദേശികതകൾക്കുപകരം സാർവ്വലൗകിക പരിവേഷമുള്ള കൊളോണിയൽ സാമ്പത്തിക സാമൂഹികക്രമീകരണങ്ങൾക്ക് പ്രാധാന്യം നൽകി, കാർഷികബന്ധങ്ങൾക്കും പൊതുസ്വഭാവം കൈവന്നു. കോടതികൾ, പോലീസ്, വിവിധതലത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർ, വിദ്യാഭ്യാസം എന്നിങ്ങനെ പൊതുസ്ഥാപനങ്ങളും അധീശരൂപങ്ങളും വളർന്നുവന്നു. നാട്ടുനടപ്പിന്റെയും വഴക്കങ്ങളുടെയും സ്ഥാനം നിയമാവലികളും നാട്ടറിവിന്റെ സ്ഥാനം കൊളോണിയൽ വൈജ്ഞാനികരൂപങ്ങളും

ഏറ്റെടുത്തു. നടുവരുടെ സ്ഥാനം കോടതികൾക്കായി. ബ്രാഹ്മണസംസ്കൃതപാരമ്പര്യം അനുക്രമമായി കൊളോണിയൽ ഭൗതികസംസ്കാരത്തിനും ഇംഗ്ലീഷിനും വഴിമാറി 10. കൊളോണിയലിസം മുന്നോട്ടുവച്ച ആശയങ്ങളിലൊന്നാണ് അണുകുടുംബം. അതുവരെ ഇവിടെ നിലനിന്നിരുന്ന കൂട്ടുകുടുംബവ്യവസ്ഥ, ബന്ധങ്ങൾ, ദായക്രമങ്ങൾ എന്നിവയിലെല്ലാം ഒരു പുനഃക്രമീകരണം കൊണ്ടുവന്നു. ഏകപതി-പത്നിബന്ധത്തിലധിഷ്ഠിതമായ ഒരു കുടുംബമാണ് കൊളോണിയലിസം മുൻപോട്ടുവച്ച മാതൃക. അതുവരെ നിലനിന്നിരുന്ന ജന്മി-ഫ്യൂഡൽ വ്യവസ്ഥയിൽനിന്നും മുതലാളിത്ത വ്യവസ്ഥയിലേക്കു മാറിയ സാമൂഹ്യസാഹചര്യം പുതിയ തൊഴിലിടങ്ങളെ സൃഷ്ടിച്ചു. വ്യവസായവൽക്കരണത്തോടെ രൂപപ്പെട്ടുവന്ന സ്വതന്ത്രനായ വ്യക്തി വ്യവസായശാലകളിലും മറ്റ് പൊതു ഇടങ്ങളിലും പ്രതിഫലം നേടി അദ്ധ്വാനിക്കുന്ന അവസ്ഥയുണ്ടായി. തൊഴിലവസരങ്ങൾ കൂടിയപ്പോൾ സ്ത്രീകളും ഇത്തരം തൊഴിലിടങ്ങളിലേക്ക് എത്താൻ തുടങ്ങി.

ഹേബർമാസിന്റെ പൊതുമണ്ഡലത്തിൽ 'വ്യക്തി' പുരുഷനായിരുന്നു. കോഫീഹൗസുകളിലും സലൂണുകളിലും വായനശാലകളിലും ഒത്തുചേർന്ന് ചർച്ചകൾ നടത്തിയിരുന്നത് പുരുഷസമൂഹമായിരുന്നു. ഉപരിവർഗ്ഗം, അടിസ്ഥാനവർഗ്ഗം, സ്ത്രീകൾ എന്നിവരെ ഇതിൽ നിന്നും ഒരു പോലെ അകറ്റിനിർത്തി. മധ്യവർഗ്ഗസദാചാരം സ്ത്രീയേയും പുരുഷനേയും അളക്കുന്നത് രണ്ടുതരം അളവുകോൽ കൊണ്ടാണ്. ഒരു വ്യവസ്ഥ രൂപപ്പെട്ടുവരുമ്പോൾ എല്ലാവരിലും അംഗീകരിക്കപ്പെടേണ്ടതുണ്ട്. ഈ വ്യവസ്ഥ ഒരു നിശ്ചിത താല്പര്യത്തിൽ നിന്നു നിർമ്മിച്ചതാകുമ്പോൾ എല്ലാവർക്കും ഒരു പോലെ സ്വീകാര്യമായി കൊള്ളണമെന്നില്ല.

### കേരളീയ സമൂഹം - ഭൂതവും വർത്തമാനവും

യൂറോപ്പിലെയും അമേരിക്കയിലേയും പൊതുമണ്ഡലരൂപീകരണ സാഹചര്യത്തിൽ നിന്നും തികച്ചും ഭിന്നമായിരുന്നു കേരളീയ സാഹചര്യം. സാക്ഷരതാനിരക്കിൽ യൂറോപ്പും അമേരിക്കയും അക്കാലത്തുതന്നെ ഏറെ മുൻപിലായിരുന്നു. അതുകൊണ്ടുതന്നെ ഒരു വായനാസമൂഹം രൂപപ്പെടാനുള്ള സാഹചര്യവും ഉണ്ടായിരുന്നു. കേരളത്തിലെ കുറഞ്ഞ സാക്ഷരതാനിരക്ക് ഇത്തരമൊരുസാഹചര്യത്തെ അസാധ്യമാക്കി. കേരളത്തിലെ സാമൂഹ്യവ്യവസ്ഥിതിയിൽ പത്രവായന, പത്രങ്ങളുടെ വിതരണം എന്നിവയിൽ ഏറെ വിവേചനം നിലനിന്നിരുന്നു. ഉപരി-മധ്യവർഗ്ഗ വായനക്കാർ ഏറെയുണ്ടായെങ്കിലും അതിലധികംപേർ കീഴ്ത്തട്ടിൽ ഇതൊന്നുമറിയാതെ ജീവിച്ചുപോന്നു. കേരളീയപൊതുമണ്ഡലം വികാസം പ്രാപിച്ചുതുടങ്ങിയത് പത്തൊൻപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ദത്തിലാണ്. നവോത്ഥാനത്തോടെയാണ് കേരളത്തിൽ പൊതുവിടങ്ങൾ രൂപപ്പെടാൻ തുടങ്ങിയത്. കേരളസമൂഹത്തിൽ നിലനിന്നിരുന്ന ജീർണ്ണകൾക്കെതിരെ പൊതുജനം നടത്തിയ വിപ്ലവകരമായ മുന്നേറ്റമായിരുന്നു നവോത്ഥാനം. നവോത്ഥാനാനന്തരം ഇവിടെ പൊതുവിദ്യാലയങ്ങൾ, പൊതുകിണറുകൾ, പൊതുകുളങ്ങൾ തുടങ്ങിയ വിവിധപൊതുവിടങ്ങൾ സാധ്യമായി. കേരളത്തിൽ നിലനിന്നിരുന്ന ജാതിയമായ വിവേചനങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെയുള്ള പോരാട്ടമായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിൽ തുടക്കം കുറിച്ച സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ. നവോത്ഥാനമെന്ന പദം പാശ്ചാത്യവിദ്യാഭ്യാസ

ത്തിന്റെ സംഭാവനയാണ്. കൊളോണിയൽ വ്യവസ്ഥയ്ക്കുശേഷം നവോത്ഥാനമെന്ന പദം കേരളീയാവസ്ഥയെയും ഭാരതീയാവസ്ഥയെയും നിർവ്വചിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട് 11. ജാതിവഴക്കങ്ങളും ശ്രേണികളും നിരാകരിക്കാനുള്ള അറിവുകൾ പാശ്ചാത്യ വിദ്യാഭ്യാസം പകർന്നുനൽകി. ഈ അറിവുകൾ സാംസ്ക്കാരികമായ മാറ്റത്തിന് വഴി തെളിച്ചു. നിലനിന്നിരുന്ന സമൂഹത്തിൽ ഭാഷാപ്രയോഗത്തിലും ഉയർച്ചതാഴ്ചകളും പണ്ഡിത-പാമര വിവേചനങ്ങളും നിലനിന്നിരുന്നു. ഇത്തരം വിവേചനങ്ങളെയും വിഭജനങ്ങളെയും നിരാകരിച്ചുകൊണ്ട് എല്ലാവർക്കും ഉപയോഗപ്രദമായ രീതിയിലുള്ള ഒരു പുതിയഭാഷയുടെ പിറവി കൊളോണിയലിസത്തിന്റെ സംഭാവനയായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച മധ്യവർഗ്ഗത്തിനിടയിൽ നിന്നും പുതിയസാഹിത്യരൂപങ്ങൾ വളർന്നുവന്നു. മധ്യവർഗ്ഗത്തിന്റെ സാമൂഹികപ്രശ്നങ്ങളെ പുതിയസാഹിത്യരൂപങ്ങൾ ചർച്ച ചെയ്തു. നോവൽ, ചെറുകഥ എന്നിവയിൽ ഇംഗ്ലീഷ് സാഹിത്യരൂപങ്ങളെ അനുകരിക്കുകയായിരുന്നു ആദ്യം ചെയ്തത്. ആധുനിക കേരളീയ ജീവിതം സാമൂഹികബന്ധങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. അതിൽ സംഘർഷങ്ങളും നിലനിന്നിരുന്നു. മധ്യവർഗ്ഗത്തിന്റെ ഉദയവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട പൊതുജനക്കൂട്ടം വളർന്നുകൊണ്ടിരുന്നു. പൊതുജനാഭിപ്രായമെന്നാൽ വിശാലമായ അറിവനുഭവങ്ങൾ പരസ്പരം പങ്കുവച്ച് താരതമ്മ്യം ചെയ്ത് വിശകലനം ചെയ്ത് നിരന്തരം തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ് ഈ പൊതുമണ്ഡലത്തിൽ വന്നുചേരുന്നവരുടെ എണ്ണവും ജ്ഞാനത്തിന്റെ വ്യാപ്തിയും അനുസരിച്ച് അതിനകത്ത് നടക്കുന്ന ചർച്ചകളുടെ ആഴവും പരപ്പും മാറികൊണ്ടിരിക്കും. വിദ്യാഭ്യാസനിലവാരം കുറഞ്ഞവർ ഇടപെടലുകൾ നടത്തുമ്പോൾ സംവാദത്തിന്റെ ഗുണനിലവാരം കുറഞ്ഞേക്കാം. പുതിയ സമൂഹത്തിന്റെ സൃഷ്ടിയിൽ പുസ്തകങ്ങളും വായനയും വഹിച്ച പങ്ക് വളരെ വലുതാണ്.

## കേരളീയ സാഹചര്യത്തിൽ കേരളീയപൊതുമണ്ഡലത്തെ നിർണ്ണയിച്ച ഘടകങ്ങൾ

ഹേബർമാസിന്റെ പൊതുമണ്ഡലത്തിൽ സ്ത്രീകൾ ഉൾപ്പെട്ടതായി പറയുന്നില്ല. കേരളത്തിലെ സ്ഥിതി അതായിരുന്നില്ല. കേരളത്തിൽ വീടിന്റെ അകത്തും പുറത്തും നടന്ന സമരങ്ങളിൽ സ്ത്രീകൾ പങ്കെടുത്തിരുന്നു12. പലതും രേഖപ്പെടുത്താതെ പോയി. അല്ലെങ്കിൽ തന്ത്രപൂർവ്വം സ്ത്രീകളെ മാറ്റി നിർത്തി. ചരിത്രപരമായി സ്ത്രീകൾ ഉൾപ്പെട്ട സമരങ്ങളെ കുറിച്ച് കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഉപരിവർഗ്ഗ സ്ത്രീകളുടെ ഇടപെടലുകൾ അങ്ങിങ്ങായി രേഖപ്പെടുത്തി. മധ്യവർഗ്ഗ സ്ത്രീകൾ സമരരംഗത്തേക്കിറങ്ങിയത് ഇടതുപക്ഷപ്രസ്ഥാനങ്ങളിലൂടെയായിരുന്നു. അടിസ്ഥാനവർഗ്ഗ സ്ത്രീകളുടെ ചെറുത്ത് നിൽപ്പ് സമരം ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെയായിരുന്നു 13. ദേശീയപ്രസ്ഥാനങ്ങളിലും സമുദായപ്രസ്ഥാനങ്ങളിലും വരേണ്യവിഭാഗങ്ങളിലുള്ള വിദ്യാസമ്പന്നരായ സ്ത്രീകളാണ് പങ്കെടുത്തിരുന്നത്. അസമത്വം എവിടെ ഉണ്ടായാലും പ്രതിരോധിക്കാനെടുക്കുന്ന ഏതുമാർഗ്ഗവും സമരമായികാണാം. അത് വീടിന് അകത്തോ പുറത്തോ ആകാം 14. പരിമിതമായ സൗകര്യങ്ങൾക്കുവേണ്ടി പോലും ശക്തമായ സമരങ്ങൾ നടത്തേണ്ടിവന്നിട്ടുണ്ട്. അടിസ്ഥാനവർഗ്ഗത്തിലെ

സ്ത്രീകൾ സമൂഹത്തിൽ മാത്രമല്ല അടിച്ചമർത്തലുകൾ നേരിട്ടത്. സ്വന്തം കുടുംബത്തിനകത്തും പോരാടിതന്നെയാണ് ജീവിതം നയിച്ചിരുന്നത് 15. പുരുഷനോടൊപ്പം അദ്ധ്വാനം പങ്കിടുന്ന സ്ത്രീകൾക്ക് സമൂഹം പുരുഷനോളം വിലകല്പിച്ചില്ല. സമുദായവിലക്കുകളും സ്ത്രീകളുടെ മുന്നോട്ടുള്ള യാത്രയിൽ തടസ്സങ്ങൾ സൃഷ്ടിച്ചു. കൊളോണിയൽ താല്പര്യങ്ങളുടെ സമ്മർദ്ദത്തിലായിരുന്ന കേരളത്തിലും വിപുലമായ ജനവിഭാഗത്തെ ഉൾകൊള്ളുന്നു എന്ന അർത്ഥത്തിലാണ് പൊതുമണ്ഡലം വളർന്നുവന്നത്. കൊളോണിയലിസത്തോടെ വിദ്യാഭ്യാസമേഖലയിൽ ഉണ്ടായ മാറ്റം സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു. ഒപ്പം നവോത്ഥാനമാനവികതയിലൂന്ന സമൂഹം രൂപപ്പെട്ടുവരുകയുണ്ടായി. ആധുനികവിദ്യാഭ്യാസത്തിന്റെ ഉപഭോക്താക്കളായവർ സാമൂഹികസാംസ്കാരിക രംഗത്ത് ഇടപെടലുകൾ നടത്തി. വിദ്യാഭ്യാസത്തിലൂടെ സൃഷ്ടിച്ചെടുത്ത ഒരു പൊതുബോധം സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപിച്ചു.

## വിദ്യാഭ്യാസം

സമകാലിക നാഗരികതയും അതു നിർമ്മിച്ച വ്യവസായങ്ങളും മനുഷ്യൻ പരമ്പരാഗതമായി അനുഭവിച്ചുപോന്ന സാമ്പത്തിക സാമൂഹിക-രാഷ്ട്രീയ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യുകയാണ്. സാമൂഹിക-സാമ്പത്തിക രംഗങ്ങളിലെ മാറ്റം വിദ്യാഭ്യാസരംഗത്തെ പ്രതികൂലമായി ബാധിച്ചു. നവോത്ഥാനാനന്തരം രൂപപ്പെട്ട പൊതുവിദ്യാഭ്യാസം അതിന്റെ സ്വാഭാവികത നഷ്ടപ്പെട്ടനിലയിലായി. അക്കാദമി മികവോ പരിശീലനമോ ലഭിക്കാത്ത അദ്ധ്യാപകർ വിദ്യാഭ്യാസത്തിന്റെ നിലവാര തകർച്ചക്ക് കാരണമായി. കെട്ടിലും മട്ടിലും മികവിന്റെ പരിവേഷം നൽകി രൂപപ്പെടുത്തിയെടുത്ത ഇത്തരം സംവിധാനങ്ങൾ പൊതു വിദ്യാഭ്യാസത്തെ പാർശ്വവൽക്കരിച്ചു 16. ഡിജിറ്റലൈസ് ചെയ്ത ക്ലാസ്മുറികളും അത്യാധുനിക ശാസ്ത്രസാങ്കേതികമികവും പുലർത്തുന്ന വിദ്യാലയങ്ങൾ നല്ല വ്യക്തിയായിരിക്കേണ്ടതിന്റെ ആവശ്യകത പറഞ്ഞു പഠിപ്പിക്കാൻ ബോധപൂർവ്വം മറക്കുന്നു. മാനുഷിക മൂല്യമറിയാത്ത വ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്നു. ഇത്തരം അവസ്ഥകളെ മാറ്റിയെടുക്കേണ്ടതുണ്ട്.സ്വധർമ്മം ശരിയായി നിർവ്വഹിക്കാൻ ജനതയെ പ്രാപ്തരാക്കുന്ന വിധത്തിലുള്ള വിദ്യാഭ്യാസരീതി നടപ്പിൽ വരുത്തുകയാണ് ഇതിനെ മറികടക്കാനുള്ള മാർഗ്ഗം. കുട്ടികളെ നാളെയുടെ സാമ്പത്തികനിലമാത്രം മുന്നിൽ കണ്ടുകൊണ്ട് യന്ത്രതുല്ല്യരായി സൃഷ്ടിച്ചുവിടുന്ന ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അപചയമാണ് സമൂഹത്തിൽ ഉണ്ടായികൊണ്ടിരിക്കുന്ന അരക്ഷിതാവസ്ഥയും ബന്ധങ്ങളുടെ മൂല്യച്യുതിയും. കൊളോണിയലിസം നൽകിയ അറിവുകളും ബോധ്യങ്ങളും പത്തൊൻപത് ഇരുപതാംനൂറ്റാണ്ടുകളോടെ കേരളീയ ഫ്യൂഡൽ അറിവാധികാരമൂല്യങ്ങളെ ശിഥിലീകരിക്കുകയും സ്വതന്ത്രവിനിമയത്തിന്റെ പൊതുമണ്ഡലം സൃഷ്ടിക്കുകയും ചെയ്തു. നവോത്ഥാനകാല കേരളീയപരിസരം സൃഷ്ടിച്ച പൊതുമണ്ഡലത്തെ കരുത്തുള്ളതാക്കിയതിൽ പുസ്തകങ്ങളും വായനയും സൃഷ്ടിച്ച പങ്ക് വളരെ വലുതാണ്.

## മാധ്യമങ്ങൾ

ജനാധിപത്യക്രമത്തിൽ മാധ്യമങ്ങൾക്കുള്ള പങ്കിനെകുറിച്ച് 'ഹേബർമാസ്' വിശദീകരിക്കുന്നുണ്ട്. അഭിപ്രായസ്വാതന്ത്ര്യംവരെ സാമൂഹ്യ-സാംസാകാരിക-രാഷ്ട്രീയ

വ്യവസ്ഥകളെ മുൻനിർത്തിയാണ് പത്രങ്ങൾ അച്ചടിച്ചത്. പൊതുജനതാല്പര്യവും ജനാധിപത്യസമീപനവും മുൻനിർത്തിയുള്ള ഭരണകൂടവിമർശനമാണ് ഇന്ത്യൻ പത്രപ്രവർത്തനം.മാധ്യമം തന്നെയാണ് സന്ദേശമെന്ന് മക് ലൂഹൻ പറയുന്നു. വായനശാലകൾ മുൻകാലത്ത് ഒരു കൂട്ടായ്മയുടെ മണ്ഡലമായിരുന്നു. വർത്തമാനകാലത്ത് ഇത്തരം ശീലങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മുൻപ് വായനശാലകളും സലൂണുകളും ചായക്കടകളും സാമൂഹികബന്ധങ്ങളുടെയും സാംസ്കാരികപ്രവർത്തനങ്ങളുടെയും കേന്ദ്രങ്ങളായിരുന്നു. ചെറുതും വലുതുമായ ഈ കൂട്ടായ്മകളിൽ രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങൾക്കും സാമൂഹിക വിഷയങ്ങൾക്കുമൊപ്പം സാഹിത്യപരവും വിജ്ഞാനപരവുമായ വിഷയങ്ങളും കൃതികളും ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെട്ടിരുന്നു. പിന്നീട് രൂപംകൊണ്ട ക്ലബ്ബുകളിൽ ഇത്തരം ചർച്ചകൾക്കൊപ്പം കായികവിനോദങ്ങളെപ്പറ്റിയും ചർച്ചകൾ നടത്തിയിരുന്നു. ഇന്ന് ഇത്തരം ചർച്ചകളും കൂട്ടായ്മകളും സമൂഹത്തിൽ നിന്നും മിക്കവാറും അപ്രത്യക്ഷമായി. പത്രവായിക്കാതെയും വായനശാലകളിൽ പോകാതെയും എല്ലാതരം വാർത്തകളും അറിവുകളും നേടിയെടുക്കാമെന്ന അവസ്ഥയായി. സോഷ്യൽ മീഡിയയുടെ വരവോടെ ബ്ലോഗ്, ഇ-മാഗസിൻ, മുഖപുസ്തകം എന്നിവയിലൂടെ തത്സമയകാര്യങ്ങൾ അറിയാമെന്ന നിലവന്നു. ദളിത്, ട്രാൻസ്ജെൻഡർ തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ടവർ അവഗണനകളെ അതിജീവിച്ച് മുഖ്യധാരയിലേക്ക് ഇറങ്ങുകയും അവനവനെതന്നെ ആവിഷ്കരിക്കാൻ ധൈര്യം കാണിക്കുകയും ചെയ്തത് നവമാധ്യമങ്ങളിലൂടെയാണ്. കുത്തകമുതലാളിത്തവും ആഗോളവൽക്കരണവും ആധിപത്യം സ്ഥാപിച്ചപ്പോൾ കലയിലും സാഹിത്യത്തിലുമെല്ലാം ദോഷഫലങ്ങൾ പ്രതിഫലിച്ചു. പത്രപ്രവർത്തനം സ്വന്തം ഇച്ഛയ്ക്കനുസരിച്ച് എങ്ങിനെയും വ്യാഖ്യാനിക്കാവുന്ന ഒരു പ്രവർത്തനം മാത്രമായി മാറി. മാനദണ്ഡങ്ങളെല്ലാം നിഷ്പ്രഭമായിപ്പോയിരിക്കുന്നു. ഇതിൽ നിന്നും മാറി ചിന്തിക്കുന്നവർ സാഹിത്യത്തിൽ മാത്രമാണ് നിലനിൽക്കുന്നത്. സാഹിത്യസൃഷ്ടിയെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ എഴുത്തുകാരന്റെ ആത്മസത്ത സൃഷ്ടിയിൽ വ്യതിരിക്തത സൃഷ്ടിച്ചിരിക്കുന്നത് കാണാം. ഭാഷ വ്യക്തിയുടെ ലിംഗസാമൂഹികസ്വത്വങ്ങളെ നിർണ്ണയിക്കുന്ന ഏറ്റവും വലിയ ശക്തിയാണെന്ന് 'ഴാക്ക്ലക്കാൻ' പറയുന്നു. ജനാധിപത്യത്തെ സംരക്ഷിക്കാനും ജനങ്ങളുടെ അഭിപ്രായരൂപീകരണത്തിനും മാധ്യമങ്ങൾ സഹായിച്ചിരുന്നു. രാഷ്ട്രീയവും മതപരവുമായതോടെ മാധ്യമങ്ങൾ ഏകപക്ഷീയമായ രീതിയിലോ പൊതുജനവിരുദ്ധമായ രീതിയിലോ ആയി മാറുന്നു. ഭൂരിപക്ഷം തീരുമാനമെടുക്കുമ്പോൾ അതിനെ ശേഷിക്കുന്നവർ അംഗീകരിക്കണമെന്ന് പറയുന്നത് ജനാധിപത്യമല്ല. പക്ഷപാതപരമായി കാര്യങ്ങളെ നോക്കികാണേണ്ടതുണ്ട്. സമൂഹത്തിലെ നന്മയ്ക്കും സുസ്ഥിരതയ്ക്കും വേണ്ടി വാർത്തകളെ സത്യസന്ധമായി സമൂഹത്തിലെത്തിക്കേണ്ട ബാധ്യത മാധ്യമങ്ങളിൽ നിക്ഷിപ്തമാണ്. നൽകുന്ന വാർത്തകളിലെ ഉദ്ദേശ ശുദ്ധിയാണ് പ്രധാനം. പൊതുസമൂഹത്തിന്റെ ചാലകശക്തിയാണ് മാധ്യമങ്ങൾ. വളർന്നുവരുന്ന ജനസമൂഹങ്ങളുടെ പൊതുബോധത്തിലേക്കെത്തുന്ന ഏതുകാര്യവും സമൂഹത്തിലെ തുടർചലനങ്ങളെ ത്വരിതപ്പെടുത്തുന്ന രീതിയിലുള്ളതായിരിക്കണം 17. ജനാധിപത്യത്തിന്റെ നാലാംതൂണായമാധ്യമങ്ങൾക്ക് അപ്രിയസത്യങ്ങളും തുറന്നുപറയേണ്ടതുണ്ട്.

### ഭരണകൂടം

കേരളത്തിലെ ബഹുസ്വരസമൂഹത്തിന്റെ എല്ലാ വ്യക്തികൾക്കും അവരവരുടെ ആചാരങ്ങളും വിശ്വാസങ്ങളുമനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ചാതുർവർണ്ണ്യത്തില ധിഷ്ഠിതമായ ആചാരവിശ്വാസങ്ങളെ പൊളിച്ചെഴുതി അടിസ്ഥാനവർഗ്ഗത്തിനുലഭിക്കേണ്ട മനുഷ്യൻ എന്ന പരിഗണനയെ മുൻനിർത്തി നിലനിന്നിരുന്ന വിശ്വാസസംഹിതകളെ പൊളിച്ചെഴുതുവാൻ ഭരണകൂടം ബാധ്യസ്ഥമാണ് 18. വിശ്വാസം സ്വകാര്യതയുടെ അതിരുകൾ ഭേദിക്കുമ്പോൾ അത് സാമൂഹ്യവിഷയമായി മാറുന്നു. സാമൂഹ്യവിഷയത്തെകുറിച്ച് അഭിപ്രായം പറയുവാൻ ഏതൊരു വ്യക്തിക്കും അവകാശമുണ്ട് 19. കേരളത്തിലെ നവോത്ഥാനാനന്തര പുരോഗതിയെ മതാന്ധത മന്ദഗതിയിലാക്കി. വിശ്വാസം അന്ധവിശ്വാസത്തിലേക്ക് വഴിമാറി. സാമാന്യത്തിൽ നിന്ന് അസാമാന്യത്തിലേക്കെത്തിയ ചിന്തകൾ ജ്ഞാനോദയത്തിനു ശേഷമുണ്ടായ സമൂഹത്തിലും കരിനിഴൽ വീഴ്ത്തി. സമൂഹത്തിലെ പിൻതിരിപ്പൻ നയങ്ങൾക്കെതിരെയും ജീർണ്ണതകൾക്കെതിരെയും വിരൽചൂണ്ടാൻ ജനാധിപത്യവ്യവസ്ഥയിൽ ഒരു പൗരന് അവകാശമുണ്ട്20. പുതിയ ജീവിതവീക്ഷണങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഭരണകൂടം പ്രധാന പങ്കുവഹിക്കുന്നുണ്ട്. ജനാധിപത്യത്തിൽ ഉൾപ്പെട്ട ഓരോ വ്യക്തിയും തങ്ങളുടെ ചുമതലകളും കർത്തവ്യങ്ങളും ഉത്തരവാദിത്വബോധത്തോടെ നിർവ്വഹിക്കുമ്പോഴാണ് പൊതുസമൂഹത്തെ ഉൾകൊള്ളുന്ന അർത്ഥത്തിൽ ജനാധിപത്യം ആകുന്നുള്ളൂ. ആ അർത്ഥത്തിൽ ഓരോ വ്യക്തിക്കും അവന്റെ കർത്തവ്യങ്ങളെയും ചുമതലകളെയും സ്വാതന്ത്ര്യത്തോടെ ചെയ്തു തീർക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിന്നാൽ മാത്രമേ ഇത്തരമൊരവസ്ഥയിലേക്കെത്തുകയുള്ളൂ. സ്ത്രീ/പുരുഷഭേദമന്യേ എല്ലാവരും വ്യക്തികളാണെന്ന പൊതുബോധം ഉണർന്നെങ്കിൽ മാത്രമേ പരസ്പരം അംഗീകരിക്കാനും അംഗീകരിക്കപ്പെടാനുള്ള അവസ്ഥയുണ്ടാകൂ. എല്ലാ വ്യക്തികൾക്കും സമൂഹജീവിയെന്ന നിലയിൽ തുല്ല്യപരിഗണന ലഭിക്കുന്ന ഒരു പൊതുനിയമവ്യവസ്ഥയുടെ കീഴിലേ ഇത്തരമൊരവസ്ഥയുണ്ടാകൂ.

### ഏകീകൃതസിവിൽ കോഡും കേരളസമൂഹവും

ഒരു സമൂഹത്തെ ഏകീകരിക്കേണ്ടതായ ആവശ്യം വരുമ്പോൾ ഒരു വിഭാഗത്തിന്റെ ഗുണം മാത്രമല്ല, മറിച്ച് ആ സമൂഹത്തിന് മൊത്തത്തിൽ ഗുണം ലഭിക്കുന്നതിനുള്ള രീതിശാസ്ത്രമാണ് പ്രയോഗിക്കേണ്ടത് 21. ഇത്തരത്തിലുള്ള അവസ്ഥയിലാണ് ഏകീകൃത സിവിൽകോഡിന്റെ പ്രാധാന്യം. എല്ലാ വ്യത്യസ്ത നിയമങ്ങളും പരിശോധിച്ച് പൊതുനന്മ ലക്ഷ്യമാക്കി നീതിപൂർവ്വവും സമഗ്രവുമായ നിയമങ്ങൾ ക്രോഡീകരിച്ചാൽ മാത്രമേ ഏകീകൃതസിവിൽ കോഡ് സാർത്ഥകമാകു22. കാലത്തിനനുസരിച്ച് നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. പൗരാവകാശത്തിനും പൊതുജനതാല്പര്യത്തിനും എതിരായ നിയമങ്ങളെ നിലനിർത്താൻ പാടില്ല (സതി, തീണ്ടൽ). സ്ത്രീപുരുഷസമത്വത്തിലധിഷ്ഠിതമായ ഒരു നിയമം അത്യന്താപേക്ഷിതമാണ് എന്ന് കേരളയുക്തിവാദി സംഘം പറയുന്നു. മുതിർന്നവരെ ബഹുമാനിക്കുകയും അവർ പറയുന്നതിനെയെല്ലാം ചോദ്യങ്ങൾക്കിട നൽകാതെ അനുസരിക്കുകയും വേണമെന്ന് പറയുന്ന പാരമ്പര്യ വ്യവസ്ഥ അധികാരം ചോദ്യം ചെയ്യപ്പെടരുത് എന്ന ബോധ്യമാണ് നൽകുന്നത്. വിട്ടുവീഴ്ചയില്ലാത്ത ഇത്തരം

മനോഭാവങ്ങൾ തികച്ചും യാഥാസ്ഥിതികമാണ്. സാമൂഹ്യപരിഷ്കരണത്തിന് ഇത്തരം ചിന്തകൾ എന്നും പ്രതിബന്ധമാകുന്നു. മുസ്ലീം ജനവിഭാഗങ്ങൾക്കിടയിലാണ് വ്യക്തി നിയമങ്ങൾ ബാധകമാകുന്നത്22. വ്യക്തിനിയമങ്ങളും മതാചാരങ്ങളും ബന്ധപ്പെടുത്തുന്നത് ശരിയാകില്ല. വ്യക്തിനിയമങ്ങളിലെ പരിഷ്കരണങ്ങൾ മതപരമായ എതിർപ്പുകളുണ്ടാക്കിയേക്കും. എല്ലാവരേയും സമ്മതിപ്പിച്ചുകൊണ്ടുള്ള ഒരു പരിഷ്കരണവും നടത്താനാകില്ല. സമൂഹത്തിൽ വ്യക്തികൾക്ക് അവകാശവ്യത്യാസങ്ങളില്ലാതെ നിയമങ്ങൾ നിർമ്മിക്കുന്നതിനുപകരം അവകാശനിഷേധങ്ങളാണ് നടക്കുന്നതെന്ന് 'മേരി റോയ്' പറയുന്നു. എല്ലാമനുഷ്യരും ഒന്നാകുന്ന എല്ലാ ജാതി മതവർണ്ണങ്ങളും അപ്രത്യക്ഷമാകുന്ന മാനുഷികതയിലൂന്നിയ ഒരു ഇന്ത്യയാണ് ഏകീകൃതസിവിൽ കോഡ് ലക്ഷ്യമാക്കുന്നത്. ഒരേനാട്ടിൽ ഒരേ സാമൂഹ്യസാഹചര്യത്തിൽ ജീവിക്കുന്ന ഹിന്ദുവിനും മുസ്ലീമിനും ക്രിസ്ത്യാനിക്കും ഒരേ ഭരണഘടനക്കു കീഴിലും വ്യത്യസ്ത നീതികളാണ് ലഭിക്കുന്നത്. ഐക്യവും സമഗ്രതയുമുള്ള ഒരു രാഷ്ട്രനിർമ്മിതിയാണ് ഏകീകൃതസിവിൽ കോഡ് കൊണ്ട് ഉദ്ദേശിക്കുന്നത് 24. അത്തരമൊരുനിയമം കൊണ്ടുവരുന്നതിനെ മുസ്ലീം മതനേതൃത്വം എതിർക്കുന്നു. 'ശരിയത്ത്' നിയമമനുസരിച്ചല്ലാതെ മറ്റൊരുനിയമവും അനുശാസിക്കാൻ കഴിയില്ലെന്നാണ് അവരുടെ വാദം. 'ശരിയത്ത്' ദൈവനിർമ്മിത നിയമവും ദൈവനിയമത്തിന്റെ ഗുണഭോക്താക്കൾ പുരുഷന്മാരും. പുരുഷന് ദോഷമുള്ളതെന്തും മാറ്റം, ശരിയത്തായാലും. സ്ത്രീ പുരുഷസമത്വം ഖുർ-ആൻ അംഗീകരിക്കുന്നില്ല. ഖുർ-ആൻ മാറ്റമില്ലാത്തതാണെന്ന് പറയുമ്പോഴും മിക്ക മുസ്ലീം രാഷ്ട്രങ്ങളിലും 'ശരിയത്ത്' നിയമങ്ങളിൽ കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ഏകീകൃതക്രിമിനൽ നിയമമുണ്ട്. അക്കാര്യത്തിൽ ഇക്കൂട്ടർ ശരിയത്ത് വേണമെന്ന് വാദിക്കുന്നില്ല. വേണ്ട എന്ന നിർബന്ധവുമുണ്ട്. 'ശരിയത്തി'ലെ കട്ടാൽ കൈവെട്ടുക, വ്യഭിചരിച്ചാൽ കല്ലെറിഞ്ഞു കൊല്ലുക തുടങ്ങി വ്യവസ്ഥകൾ വേണ്ട എന്ന് വാശിപിടിക്കുന്നത് ഇരട്ടത്താപ്പ് നയമല്ലേ 25. ജാതിമത വ്യത്യാസം പരിഗണിക്കാതെ ബഹുഭാര്യാത്വവും ബഹുഭർത്തൃത്വവും നിരോധിക്കേണ്ടതുണ്ട്. സ്ത്രീ പക്ഷെ കാഴ്ചപ്പാടിലധിഷ്ഠിതമായ രാഷ്ട്രീയവും സാർവ്വദേകീയ സഹോദര്യവും മാനുഷികതയും നിലനിൽക്കുന്ന സമൂഹം രൂപപ്പെട്ടുവരുകയും വേണം.

## ഉപസംഹാരം

സാമ്പത്തിക വളർച്ചയിൽ ഏറെ പിന്നിലായിട്ടും സാമൂഹിക പുരോഗതിയിൽ ഏറെ മുമ്പപോട്ടുപോകുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പൊതുമണ്ഡലങ്ങളെ വികസിപ്പിച്ചും പൊതുമണ്ഡലങ്ങളിൽ നിന്നും കരുത്താർജ്ജിച്ചുമാണ് കേരളീയസമൂഹം വളർന്നത്. ജീവിതാനുഭവങ്ങളുടെ സർഗ്ഗാത്മകമായ ആവിഷ്കാരങ്ങളിലൂടെ സാഹിത്യവും സമാന്തരമായി വർത്തിച്ചു. കൂട്ടായ്മയുടെ സക്രിയമായ ഇടപെടലുകളിലൂടെ വികസിച്ചുവന്ന പൊതുമണ്ഡലങ്ങൾ പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുതാല്പര്യങ്ങൾ എന്നിവയിലൂടെ കരുത്താർജ്ജിച്ചു. എന്നാൽ ഇന്ന് കേരളത്തിലെ പൊതുമണ്ഡലം ദുർബലപ്പെട്ടുകൊണ്ടിരിക്കുന്നു. അവിടേക്ക് ചേക്കേറുന്നത് കമ്പോള താല്പര്യങ്ങളും ജാതി-മത-വർഗ്ഗവികാരങ്ങളുമാണ്. ശാസ്ത്രബോധം, യുക്തിചിന്ത എന്നിവയിൽ ഏറെ മുൻപോട്ടുപോയ കേരളത്തിൽ യുക്തിചിന്തകളെ അവഗണിക്കുന്ന ഇന്നത്തെ സാഹചര്യം

സാംസ്കാരിക മൂല്യച്യുതിയാണ് എന്ന് വേണം കരുതാൻ. കൂട്ടായ്മയെ പിൻതള്ളി സംഘർഷത്തെ സൃഷ്ടിക്കുന്നു ആശയപരതയിൽ നിന്നും ആയുധങ്ങളിലേക്ക് എത്തി നിൽക്കുന്ന സമകാലിക കേരളീയ സമൂഹത്തെ മാറ്റിയെടുക്കാൻ ശക്തവും ബോധ പൂർവ്വവുമായ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ജനകീയ കൂട്ടായ്മകളെ കമ്പോളത്തിന്റെ കടന്നാക്രമണങ്ങളെകുറിച്ച് അവബോധമുണർത്തുന്നതിനും വർഗ്ഗീ യതയ്ക്കെതിരെ ചെറുത്തുനിൽക്കുന്നതിനുമുള്ള ഇടങ്ങളായി മാറ്റിയെടുക്കേണ്ടതുണ്ട്. പൊതുജനങ്ങൾക്കിടയിലേക്ക് പൊതുബോധത്തെ ഉണർത്തിവിടുന്നതിലൂടെ പൊതു മണ്ഡലമെന്ന് കൂട്ടായ്മയിൽ ജനങ്ങൾക്ക് ക്രിയാത്മകമായി ഇടപെടാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും.

## സഹായകഗ്രന്ഥങ്ങൾ


1. *Habermas Jurgen, 1991, The structural Transformation of the Publicsphere-AnInquiry in to a calegory of bourgeois society, The MIT Press, Cambridgett, Masachusetts, page-XII-Introduction*
2. *ഷാജി ജേക്കബ്, 2014, പൊതുമണ്ഡലവും മലയാളഭാവനയും, മാധ്യമം, സിനിമ, സാഹിത്യം, കൈരളി ബുക്സ്, കണ്ണൂർ, പുറം-9-10*
3. *ഷാജി ജേക്കബ്, 2014, പൊതുമണ്ഡലവും മലയാളഭാവനയും, മാധ്യമം, സിനിമ, സാഹിത്യം, കൈരളി ബുക്സ്, കണ്ണൂർ, പുറം-11*
4. *ഷാജി ജേക്കബ്, 2014, പൊതുമണ്ഡലവും മലയാളഭാവനയും, മാധ്യമം, സിനിമ, സാഹിത്യം, കൈരളി ബുക്സ്, കണ്ണൂർ, പുറം-12*
5. *Habermas Jurgen, 1989, The Public Sphere-An Encylo-Pedic Article-Page-74*
6. *Habermas Jurgen, 1989, The Public Sphere-An Encylo-Pedic Article-Page-75*
7. *John Hartley, 2004, Communication and media Studies The Keyconcepts, Routlege, London*
8. *ഷാജി ജേക്കബ്, 2014, പൊതുമണ്ഡലവും മലയാളഭാവനയും, മാധ്യമം, സിനിമ, സാഹിത്യം, കൈരളി ബുക്സ്, കണ്ണൂർ, പുറം-19*
9. *സുനിൽ.പി, ഇളയിടം, 2009, ദമിതം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം-21*
10. *വിജയൻ.എം.എൻ, 2000, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, മലയാളസാഹിത്യത്തിന്റെ സാംസ്കാരികഭൂമിശാസ്ത്രം,* Vol-2, *കേരളസാഹിത്യ അക്കാദമി തൃശ്ശൂർ, പുറം-626-627*
11. *കാർത്തികേയൻനായർ.വി., 2014, നവോത്ഥാനമൂല്യങ്ങളും കേരളസമൂഹവും, നാഷണൽബുക്ക് സ്റ്റാൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, പുറം-13*
12. *ദേവിക.ജെ.2015, കുലസ്ത്രീയും ചന്തപ്പെണ്ണും ഉായതെങ്ങിനെ? കേരളശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, പുറം-209*
13. *ദേവിക.ജെ.2015, കുലസ്ത്രീയും ചന്തപ്പെണ്ണും ഉായതെങ്ങിനെ? കേരളശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, പുറം-215*

14. ദേവിക.ജെ.2015, കുലസ്ത്രീയും ചന്തപ്പെണ്ണും ഉായതെങ്ങിനെ? കേരളശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, പുറം-210

15. ദേവിക.ജെ.2015, കുലസ്ത്രീയും ചന്തപ്പെണ്ണും ഉായതെങ്ങിനെ? കേരളശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, പുറം-211

16. ദീപമാർട്ടിൻ, 2016 സെപ്തംബർ, ചരിത്രതാളുകളിലേക്ക് ഒരു ആശയകൂട്ടം, വിദ്യാരംഗം പുറം -9

17. രാധാകൃഷ്ണൻ.കെ.കെ, 2016 ആഗസ്റ്റ്, പൊതുസിവിൽ നിയമം ഇനി വൈകരുത്, യുക്തി രേഖ വാള്യം-31, ലക്കം 7, പുറം 32

18. അസീസ് തുവ്വൂർ, 2016 ഒക്ടോബർ-2, വിശ്വാസവും ഭരണകൂടവും, ദേശാഭിമാനി-ലക്കം-20, പുറം-19

19. അസീസ് തുവ്വൂർ, 2016 ഒക്ടോബർ-2, വിശ്വാസവും ഭരണകൂടവും, ദേശാഭിമാനി-ലക്കം-20, പുറം-20

20. അസീസ് തുവ്വൂർ, 2016 ഒക്ടോബർ-2, വിശ്വാസവും ഭരണകൂടവും, ദേശാഭിമാനി-ലക്കം-20, പുറം-21

21. രാധാകൃഷ്ണൻ.കെ.കെ, 2016 ആഗസ്റ്റ്, പൊതുസിവിൽ നിയമം ഇനി വൈകരുത്, യുക്തി രേഖ വാള്യം-31, ലക്കം 7, പുറം 31

22. രാധാകൃഷ്ണൻ.കെ.കെ, 2016 ആഗസ്റ്റ്, പൊതുസിവിൽ നിയമം ഇനി വൈകരുത്, യുക്തി രേഖ വാള്യം-31, ലക്കം 7, പുറം 29

23. സത്യവാൻനായർ.വി.കെ, 2016 ആഗസ്റ്റ് , ഏകീകൃതസിവിൽ കോഡ് മതവിരുദ്ധമല്ല, യുക്തിരേഖ, വാള്യം-31 ലക്കം-7, പുറം-28

24. രാധാകൃഷ്ണൻ.കെ.കെ, 2016 ആഗസ്റ്റ്, പൊതുസിവിൽ നിയമം ഇനി വൈകരുത്, യുക്തി രേഖ വാള്യം-31, ലക്കം 7, പുറം 30

25. രാധാകൃഷ്ണൻ.കെ.കെ, 2016 ആഗസ്റ്റ്, പൊതുസിവിൽ നിയമം ഇനി വൈകരുത്, യുക്തി രേഖ വാള്യം-31, ലക്കം 7, പുറം 36